**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1538** **16-10-2026-ൽ മറുപടിയ്ക്ക്**

**പാഠ്യപദ്ധതി പരിഷ്കരണവും നൈപുണ്യ വികസനവും**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. നജീബ് കാന്തപുരം — ശ്രീ. റോജി എം. ജോൺ (ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ സർവകലാശാലകളിൽ നാല് വർഷ ബിരുദ കോഴ്സുകൾ (എഫ്.വൈ.യു.ജി.പി.) നടപ്പിലാക്കിയതിന്റെ പുരോഗതിയും വിലയിരുത്തലുകളും വ്യക്തമാക്കാമോ;

**മറുപടി:** നാല് വർഷ ബിരുദ കോഴ്സ് നടപ്പിലാക്കിയതിലെ പാളിച്ചകൾ സംബന്ധിച്ച് പഠിക്കാനും നിലവിലുള്ള അവസ്ഥയിൽ സാധ്യമായ തിരുത്തലുകൾ വരുത്തുവാനുമായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ വിദഗ്ധ സമിതിയെ നിയോഗിക്കുകയും ആയതിന്റെ ഇടക്കാല റിപ്പോർട്ട് പരിഗണിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിൽ 40-ഇന കർമപരിപാടി തയ്യാറാക്കി എല്ലാ സർവകലാശാലകളെയും കോളേജുകളെയും അറിയിച്ചിട്ടുണ്ട്.

**(ബി)** ഉന്നതവിദ്യാഭ്യാസം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

**മറുപടി:** ഉന്നതവിദ്യാഭ്യാസ രംഗം തൊഴിലുമായി ബന്ധപ്പെടുത്തുന്നതിനുള്ള സുപ്രധാന മാർഗ്ഗം അണ്ടർ ഗ്രാജ്വേറ്റ് പ്രോഗ്രാമുകളിൽ സ്കിൽ കോഴ്സുകൾ ഉൾപ്പെടുത്തുക എന്നതാണ്. ഇപ്പോൾ നടന്നുവരുന്ന FYUGP പദ്ധതിയിൽ ഇത്തരത്തിലുള്ള സ്കിൽ കോഴ്സുകൾ ഉൾച്ചേർത്തിട്ടുണ്ട്. ഇത് നടപ്പിലാക്കാനായി സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റ് കോഴ്സസ് & കരിയർ പ്ലാനിംഗ് സെന്ററുകൾ (CSDCCP) സ്ഥാപിക്കാനുള്ള പദ്ധതിയും FYUGP പ്രോഗ്രാമിൽ നിലവിലുണ്ട്.

**(സി)** വിപണിയിലെ പുതിയ മാറ്റങ്ങൾക്ക് അനുസൃതമായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റാ സയൻസ് മുതലായവ ഉൾപ്പെടെ ആധുനിക കോഴ്സുകൾ കോളേജുകളിൽ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

**മറുപടി:** 14-03-2026 ലെ സ.ഉ.(കൈ) നം. 203/2026/HEDN ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിൽ രണ്ടു വീതം പുതുതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**